# ശ്രീഗോപാലഗീതാ.



ഭഗവാൻ ശ്രീ ഗോപാലസ്വാമികൾ.

# മുഖവുര.

തിരുവനന്തപുരത്തുനിന്നും ആററിങ്ങലേയ്ക്കു് വരുംവഴിയ്ക്കു് തോന്നയ്ക്കൽ എന്നൊരു പ്രദേശമുണ്ടു്. മുമ്പു് അതു് കുററിക്കാടുകളും നിറഞ്ഞ വിജനമായ വനപ്രദേശമായിരുന്നു. അന്നു് തോന്നയ്ക്കൽ വനമെന്നാണു് ആ പ്രദേശത്തെ പറഞ്ഞുവന്നതു്.

ആയില്യംതിരുനാൾ മഹാരാജാവിൻെറ കാലത്തു് ഈ വനത്തിൽ എവിടെയോനിന്നും ഒരു മഹാത്മാവായ അവധൂതൻ വന്നുകൂടി. ഇദ്ദേഹം വളരെക്കാലം അവിടെ താമസിച്ചിരുന്നു. ഒരു ദിവസം ഇദ്ദേഹം നടുറോഡിലിറങ്ങി നില്ക്കുകയും അതുവഴി കടന്നു പോകേണ്ടിവന്ന മഹാരാജാവിനു് അതു് ഒരു ചെറുതടസ്സമാകയും ചെയ്തു. 'എന്താണിങ്ങനെ പെരുമാറുന്നതു്' എന്നുചോദിച്ചതിനു് മറുപടിയായി മണക്കാടു്, മണക്കാടു്'' എന്നുപറകയാൽ അദ്ദേഹം ഈ മഹാത്മാവിനെ അന്നത്തെ മണക്കാട്ടെത്തിച്ചു.

കളിപ്പാൻകുളത്തിനടുത്തുള്ള ഈ വിജന പ്രദേശത്തു് അദ്ദേഹം സ്വൈരമായി കഴിഞ്ഞുവന്നു. അദ്ദേഹം ഇരുന്നിരുന്ന ചില കരിങ്കൽ പീഠങ്ങൾ ഇന്നും സൂക്ഷിച്ചിട്ടുണ്ടു്. ഇവിടെയാണു് ഇദ്ദേഹം സമാധിഅടഞ്ഞതു്. ഇവിടെ അന്നത്തെ മഹാരാജാവു-തന്നെ ഒരു സമാധി പണിയിയ്ക്കുകയും ഒരു കിണർ കുഴിപ്പിക്കുകയും ചെയ്തു. അതോടെ ഈ സ്ഥലം സമാധിത്തോപ്പെന്നറിഞ്ഞുവന്നു. ഇദ്ദേഹത്തിൻെറ ശിഷ്യനായ ഹരിഹരബ്രഹ്മമെന്നറിയുന്ന ഹരിഹര ശാസ്ത്രികളും ഈ സമാധിത്തോപ്പിൻെറ മറെറാരു ഭാഗത്തു് സമാധിയിരുത്തപ്പെട്ടു. ഇതും കാണാവുന്ന വസ്തുതയാണു്.

കാലക്രമേണ ഈ പ്രദേശം ചിലർ കുടിൽവച്ചും കെട്ടിടം പണിതും കൈവശപ്പെടുത്തി താമസിച്ചുവന്നു. എങ്കിലും അനവധി ഏക്കർ തരിശ്ശായും കിടന്നിരുന്നു സിററിയിംപ്രൂവ്മെൻററ് സ്കീംകാർ ഇവിടം കെട്ടിടംവച്ചു് താമസിക്കുന്നതിനു് പതിച്ചുകൊടുക്കുകയും ഒരു നാലുസെൻറു് ഭൂമി സമാധിയ്ക്കു് നീക്കിവെയ്ക്കുകയും ചെയ്തു. ഇതു് തികച്ചും അപര്യാപ്തമെന്നുകണ്ടു് ശ്രീ ഭഗവാൻ ഗോപാലസ്വാമികൾ തൻെറശിഷ്യന്മാരെ വേണ്ടവിധം ഉദ്ബോധിപ്പിച്ചു് ശ്രീ മാർത്താണ്ഡവർമ്മ ഇളയരാജാവിൻെറ നേതൃത്വത്തിൽ ഒരു മീററിംഗ് ആസ്റ്റാട്ടിൽവച്ചു് കൂടി കുറച്ചുകൂടിസ്ഥലം ഈ മഹാസമാധിയ്ക്കു് വിട്ടുകിട്ടണമെന്നു് ഗവൺമെൻറിനെ അറിയിയ്ക്കുകയും ചെയ്തു. ഇതിൻെറയെല്ലാം ഫലമായി നാലുസെൻറു് നാൽപ്പതു സെൻറായി മാററിക്കിട്ടി.

അദ്ദേഹത്തിൻെറ ശിഷ്യന്മാർ സ്വയം എടുത്തും പലരോടും പിരിച്ചും പണം ശേഖരിച്ച് സമാധിയുടെ പുനരുദ്ധാരണ പണിയും നികന്ന കിണർ വീണ്ടും കുഴിച്ച്കെട്ടി ഉപയുക്തമാക്കുകയും ഈ സ്ഥലം അടച്ച് മതിൽകെട്ടുകയും മനോഹരമായ ഒരു ഗോപുരം തീർക്കുകയും ചെയ്തു. ഇവിടം മുഴുവനും സ്ഥലവാസികൾക്ക് പൂർണ്ണമായും വിട്ടുകൊടുക്കുകയും അവിടെ നിത്യപൂജ മുതലായവ മുടങ്ങാതെ നടന്നുവരികയും ചെയ്യുന്നു.

ഈ സമാധിസ്ഥനായ മഹാത്മാവ് സ്വരൂപാനന്ദസ്വാമികൾ എന്നും രാമദാസ സ്വാമികൾ എന്നും രണ്ടുപേരിലറിയപ്പെടുന്നു.

തൻെറ ഗുരുവായ ഈ മഹാത്മാവിനെ അനുസ്മരിച്ച് വേദാന്താംബുധി കടഞ്ഞെടുത്ത നിത്യാനന്ദാമൃതം നിറവുററ ഈ ഉപദേശം തൻെറ ശിഷ്യഗണങ്ങളെ ഉദ്ധരിക്കുമാറ് ശ്രീ ഭഗവാൻ ഗോപാല സ്വാമികൾ അരുളിചെയ്തതാണ്.

ഇതു് ചൊല്ലിക്കൊടുത്തു് അവരെക്കൊണ്ട് ഏററുചൊല്ലിക്കുകയും ചെയ്തു. ഇന്നും അവർ അതിനെ സദാപി ഏററുചൊല്ലി വരുന്നു.

അദ്ദേഹത്തിൻെറ സാധു ശിഷ്യന്മാരിൽപെട്ട എന്നോടും ആ സമാധിയിൽ പോകണമെന്നും, അവിടെ ധ്യാനത്തിലിരിക്കണമെന്നും ആ സമാധികോവിലിനകത്തുകടന്ന് ധ്യാനത്തിലിരിക്കുവാനും പറഞ്ഞിട്ടുണ്ട്. ലോകത്തിലെ ഉത്തമ സമാധികളിലൊന്നാണവിടമെന്നദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്.

ഈ വേദാന്ത ഗീതാമൃതം ജിജ്ഞാസുക്കൾക്കുവേണ്ടി അവതരിപ്പിച്ചുകൊള്ളുന്നു.

ഓം തത് സത്.

ആർ. ശ്രീധരൻനായർ.

ഓം

# ശ്രീ ഗുരുവേ നമഃ

1 ആനന്ദോഹം, ആനന്ദോഹം, ആനന്ദോഹം, മദ്ഗുരു
അചലപരോഹം, അചലപരോഹം അചലപരോഹം
സദ്ഗുരുവിൻപാദമലർധ്യാനംപണ്ണുവേ
സന്തതവുംഅന്നെവാണിമുൻനടക്കവേ (ആ)

2 ആലടിയിലെവസിത്തആദിവസ്തുവേ
അടിയാർബന്ധംതീർക്കവേണ്ടിഅവനിതന്നിലേ
വന്നുദിത്തരൂപംതന്നെസ്വരൂപാനന്ദനായ്
ചിന്തയിലെനാൻതെളിന്തേൻചിന്മയമാകെ (ആ)

3 പ്രത്യഗാത്മാബ്രഹ്മമെന്റഭേദങ്ങളുംരണ്ടും
ഏകമെന്റയുക്തിശൊന്നവേന്തൻഗുരുവേ
പോററിചെയ്തുവേറുരുവായ്പോൻറഭേദത്തെ
തീർത്തെങ്കും ചിദ്രൂപമായ്പാർത്തപിർപാട്

4 കടൽതന്നിലെകാററിനാലെ കണങ്കളാകവേ
കടലിൽതോൻറി കടൽതന്നിലെലയിക്കുമപ്പോലെ
ആനന്ദസാഗരത്തിലവിദ്യയാം കാററ്
അടിത്തീന്തജഗത്തെയെല്ലാംആക്കിമറസ്സും

5 അവിദ്യഎന്റവായുവററ്അറിവുമയമായ്
അംബുധിമാത്രമതാകിആത്മരൂപമായ്
അരുമറൈകളുംമുതലാദിപ്രണവമന്ത്രം
അനേകകളെകററപോതുംആത്മാവേകണ്ടോർ.

ഓം

## ശ്രീ ഗുരവേ നമഃ

1. ഞാൻ ആനന്ദംതന്നെയാണ്, ഞാൻ ആനന്ദംതന്നെയാണ്, ഞാൻ ആനന്ദമാണ്, ഞാൻ ഇളക്കമററ പരനാണ്, ഞാൻ ഇളക്കമററ പരമാത്മാതന്നെയാണ്. ഞാൻ ഇളക്കമററ പരമാത്മാതന്നെയാണ്. (ഞാൻ ഞാൻ എന്നറിയപ്പെടുന്നതു് പരമാത്മാതന്നെഎന്നു ചിന്തചെയ്തു് ധ്യാനിച്ചു്) ഇങ്ങനെ സദ്ഗുരുവിൻെറ പാദമലർ ധ്യാനംചെയ്യുമ്പോൾ സർവസമയവും ഹംസധ്വനി മുമ്പേഗമിച്ചു കൊണ്ടിരിക്കും.

2. വ്യാപനസ്വരൂപനായ, വ്യാപനശീലനായി നിലകൊള്ളുന്ന ആദിവസ്തു, ആൽബീജത്തിൽ നിലകൊള്ളുന്ന ആദിവസ്തു എപ്രകാരം കിളിർത്തുപടർന്നു് വ്യാപിച്ചു് വിസ്തൃതമായിതീരുന്നതു് അതുപോലെ കാരണജലത്തിനും കാരണനായ പരമാത്മാവ്-വിഷ്ണു ഭഗവാൻ നിലകൊള്ളുന്നു. അപ്രകാരമുള്ള പരമാത്മാവു് ഈ ജഗത്തിൻെറ അടിയാർബന്ധം തീർക്കുന്നതിനുവേണ്ടി മോചനത്തിനുവേണ്ടി ജഗത്തിൽ വന്നുദിച്ച രൂപംതന്നെയാണ് ചിദാനന്ദസ്വരൂപനായ സ്വരൂപാനന്ദസ്വാമികൾ എന്നു് ചിന്തയിൽ ഞാൻ വ്യക്തമായറിഞ്ഞു.

3. പററുതലററ ആത്മാവും ബ്രഹ്മവും രണ്ടെന്നുള്ള ഭേദം ഇല്ലാത്തതാണെന്നു് ഉറപ്പിച്ചു് യുക്തിയെ ചൊല്ലിത്തന്നതായ എൻെറ ഗുരുനാഥൻ, വളരെ ആസക്തിയോടെ വളർത്തിപ്പോന്ന പ്രത്യേക ശരീരി എന്ന ഭേദത്തെ എങ്ങും ചിദ്രൂപംനിറഞ്ഞതായി കണ്ടതിനു ശേഷം തകർന്നുപോയി.

4. കടലിൽ അടിച്ചുകൊണ്ടിരിക്കുന്നകാററ് കടലിനെ ക്ഷോഭിപ്പിച്ചു് തിരമാലകളെ ഇളക്കിയിട്ടു് അവകളെ കടലിൽതന്നെ ലയിപ്പിക്കുന്നതുപോലെ, ആനന്ദസാഗരത്തിലവിദ്യയാകുന്ന കാററടിച്ചു് ഈ ജഗത്തിനെ ചമയ്ക്കുകയും മറയ്ക്കുകയും ചെയ്യുന്നു.

5. അങ്ങനെ ആ അവിദ്യയാകുന്ന കാററ് അറിവുമാത്രമായി നിസ്തരംഗാബ്ധിസമാനമായി ആത്മമാത്രസ്വരൂപമായി കാണിച്ചുതരുവാൻ അതിശ്രേഷ്ഠങ്ങളായ വേദങ്ങൾക്കോ, ഓങ്കാരത്തിൻെറ വിവിധങ്ങളായ കലകൾക്കോ സാദ്ധ്യമല്ലതന്നെ.

6 എട്ടുവിധയോഗംതന്നെഇഷ്ടമുടനെ
തിട്ടമാകപണ്ണീനാലുംഎട്ടവേമാട്ടർ
ബഹുവിധമാകവിദൈവ്യവിരുമ്പീകററാലും
അഹംബ്രഹ്മമെൻെറമിയൽഅറിയാർവീണർ.

7 വഹ്നിയെവിഴങ്കിനാലുംവാരുധിനീരൈ
വററവേകുടിത്തപോതുംമിഥ്യൈയറിയാർ
ഭാവനാത്രയങ്കളിനാൽബന്ധമടൈന്തു
പരമാത്മസ്വരൂപത്തെ പാർക്കവേമാട്ടാർ

8 പരിശുദ്ധവേദശീലൻനാനേഎൻറും
പവിസ്സരം ബവുമടൈന്തുപരമമുട്ടാളായ്
മോഹമല്ലൈതന്നിലേറിമേഹലോകത്തിൽ
ഭോഗമുണ്ട്പോമകവരുംദാഹത്തിനാലെ

9 ഇഹപരലോകംതന്നിലിച്ഛയെവയ്ത്തു
എണ്ണറിയാർകോടിജന്മമെടുത്തുമറിയാർ
ആനാലിതൈആരറിവാർഎൻറുംസന്ദേഹിത്താൽ
ആര്യനരുളൈപെററപേർകളറിവാർ.

10 മതിയിൽബഹുയുക്തിയററമന്ദനാനാലും
മടമയെല്ലാംനീങ്കിനാൽദൃഢജ്ഞാനവുമുണ്ടാം
ഇന്തവകയ്യൊരുയുക്തിയെചൊല്ലക്കേളും
സന്തതവുംനിനൈന്തപുഴുതുമ്പിയാനർപോൽ.

6. യമനിയമാസനാദി എട്ടുവിധയോഗങ്ങളെ സമർത്ഥമായും ചിട്ടയായും ചെയ്താലും അനേകതരമററുവിദ്യകരം അഭ്യസിച്ചാലും അതനുസരിച്ച് പ്രവർത്തിച്ചാലും ആത്മാവേ കണ്ടെത്താനോ താൻ ബ്രഹ്മംതന്നേ എന്ന പൊരുരം അറിയുന്നതിനോ സാധ്യമല്ലതന്നെ.

7. അഗ്നിയെ പാനം ചെയ്താലും-അതിനു് കഴിവുസമ്പാദിച്ചവനായിരുന്നാലും-സാഗരജലം മുഴവൻ കുടിച്ചുപററിക്കുവാൻ സാമത്ഥ്യമുള്ളവനായാലും മായയിന്നവിധമെന്നറിയുവാൻ സാദ്ധ്യമല്ലതന്നെ ഭാവനാത്രയങ്ങരംകൊണ്ടു് ബന്ധത്തെ പ്രാപിച്ചു് പരമാത്ഥമായ തൻെറ സ്വരൂപം ഇന്നവിധമെന്നറിയുവാൻ സാധ്യമല്ലതന്നെ.

"സത്വിക ഭാവന-രാജസ ഭാവന-താമസ ഭാവന എന്നോ, സ്ഥൂല, സൂക്ഷ്മ, കാരണ ഭാവനകരം എന്നോ ദൃക്കു്, ദർശന, ദൃശ്യ ഭാവന എന്നോ ആകാം"

8. പരിശുദ്ധമായ വേദങ്ങളെ പഠിച്ചു് കൈകാര്യംചെയ്യുന്നവനാണു് ഞാൻഎന്ന അഹന്തമുഴുത്തു് വലിയമുട്ടാളനായി മോഹമാകുന്ന ഭീകരമലമുകളേറിമോഹലോകത്തിൽ ഭോഗമനുഭവിച്ചു വരുന്നു. ഇതിനാലുണ്ടാകുന്ന ദാഹാധിക്യത്താൽ.

9. ഇഹ പരലോകങ്ങളിൽ ആഗ്രഹത്തെ നിലനിർത്തി കഴിയുന്നവർ എന്നറിയാനാണു് കോടി ജന്മമെടുത്താലും സാദ്ധ്യമല്ലതന്നെ. എന്നാൽ ഇതാരാണറിയുന്നതു് എന്നുചേദിയ്ക്കുന്നുവെങ്കിൽ ശ്രേഷ്ഠരായ ഗുരുവരുളെ പോററിയെടുത്തവർതന്നെ അറിയും.

10. ബുദ്ധിപരമായ വളരെ യുക്തികളൊന്നുമില്ലാത്ത മന്ദനായാലും മയത്തരങ്ങളെല്ലാം നിങ്ങുകയാൽ ദൃഢമായ ജ്ഞാനംതന്നെ ഉണ്ടാകുന്നതാണു്. ഇതിനു് ഒരു യുക്തി പറയപ്പെടുന്നുണ്ടു് അതിനെ കേട്ടാലും-എപ്പോഴും തുമ്പി തുമ്പി എന്നു് നിനച്ചുകൊണ്ടിരിക്കുന്ന പുഴു തുമ്പിയായിത്തീരുന്നതുപോലെ താൻ ഇളക്കമെററ ആനന്ദ സ്വരൂപനായ പരമാത്മാവാണെന്നു് സന്തതവും നിനച്ചുകൊണ്ടിരിക്കുന്ന മഹാശയൻ പരമാത്മാവാണെന്നെത്തുപെടും.

11 അഞ്ചുവിധവൃത്തിയാലനുഷ്ഠിതമാന
ആദികാരണങ്ങൾക്കൈവെഅന്യമെണ്ണാമൽ
എപ്പൊഴുതുംചിന്തൈചെയ്താൽഇന്തമനതിൽ
അന്തരൂപമെപ്പടിയോഅപ്പടിയാവാർ.

12 അസ്തിഭാതിപ്രിയരൂപമാനവസ്തുവൈ
ശൈത്യവെൺമനികഴ്ചിപോലെതവറാമൽതാനെ
ചിന്തയിൽവണക്കത്തുടൻവന്ദനംചെയ്താൽ
എന്തപൊരുളംകണ്ടപേരുംമേകമായ്കാൺപാർ

13 സന്തതവുംഇന്തപടിആകെചിന്തിച്ച്
തത്പദംത്വംപദംതന്നൈതാനൈഇന്ന്
ദേശകാലവസ്തുപരിച്ഛേദമില്ലാമൽ
ശിവാനന്ദരൂപമാകെചിന്തനൈചെയ്താൽ

14 പിറപ്പിറപ്പ്എൻറ്മററ്മന്നിയേകനായ്
ചിറപ്പുമയബ്രഹ്മംതാനായ്ചേർന്ത്
ചിദാകാശവടിവരനചിന്മയാനന്ദർ
സദാസ്വരൂപാനന്ദസത്രൂപരാം.

15 ജ്ഞാനനിഷ്ഠയൈനൽകുനൽദേശികൻ
മാനമുററിടുംമനിടനല്ലനാൻ
വാനമുററുവളക്കൈപരൻ
താന്നനടിനംചാററിടലാകമാൽ.

11. അഞ്ചുവിധവൃത്തിയാലാദരിയ്ക്കപ്പെടുന്ന-ഗുരുദർശനം, ശ്രവണം (മഹാവാക്യശ്രവണം പ്രധാനം) മനനം, നിധിധ്യാസനം, സമാധി ഇവയാണ് ഇതിലുദ്ദേശിച്ചിരിക്കുന്ന അഞ്ചു വൃത്തികൾ, ഇപ്രകാരമുള്ള വൃത്തികളാൽ ആദരിക്കപ്പെട്ട ശ്രീ ഗുരുപാദങ്ങളെ അന്യനാണെന്നു നിനയ്ക്കാതെ താൻ തന്നെയാണെന്നറിഞ്ഞു സർവ്വദാ ചിന്തചെയ്താൽ ആ മനസ്സിൽ ആദികാരണ സ്വരൂപം എപ്രകാരമോ അതേപ്രകാരമായിത്തീരും.

12. അസ്തി, ആസ്തിക്യത്തോടെ-ഉണ്മയോടുകൂടിയത്-എപ്പോഴുമുള്ളതായിരിക്കുന്നതു്-സത്, ഭാതി, പ്രകാശിക്കുന്നതു് ചിൽസ്വരൂപമായിട്ടുള്ളതു് ജ്യോതിഷാം ജ്യോതിസായിട്ടുള്ളതു്, പ്രിയം, ആനന്ദസ്വരൂപമായുള്ളതു് ഇങ്ങനെയുള്ള സച്ചിദാനന്ദസ്വരൂപമായ വസ്തുവിനെ, ശൈത്യ, വെണ്മ, നികഴ്ചീയീമൂന്നു പ്രകൃതിയും ഒരേ ഒരു വസ്തുവായ ഐസ്സ്കട്ടിയിൽ കാണുന്നതുപോലെ-പരമാത്മാവിൽ സച്ചിദാനന്ദസ്വരൂപം ഏകമായി കാണപ്പെടുന്നതാണ്, അല്ലാതെ പലതല്ലെന്നും മനസ്സിലാക്കി സർവദാചിന്തചെയ്ത് വണക്കത്തോടുകൂടി വന്ദനം ചെയ്താൽ മുൻപറഞ്ഞ പൊരുൾ കണ്ടതുപോലെതന്നെ ഏകമായി കാണാൻ കഴിയും.

13. ഇങ്ങനെ എല്ലായ്പോഴും എല്ലാ മാകമാനം ചിന്തിച്ച് തത് പദത്തിൽ ത്വംപദം താനേലയിച്ചുചേർന്നു് അഥവാ രണ്ടുമൊന്നെന്നറിഞ്ഞു് ദേശകാലവസ്തു ഭേദമില്ലാത്ത ശിവാനന്ദസ്വരൂപത്തെ ചിന്തനം ചെയ്താൽ.

14. ജനന മരണങ്ങളററ് മന്നിൽ മറെറാന്നില്ലാത്തവനായി അതായതു് താൻ മാത്രമായി അനന്തമായ ബ്രഹ്മം താൻ തന്നെയായി തീർന്നു് ചിദാകാശവടിവായ ചിന്മയാനന്ദരായി എപ്പോഴും സ്വരൂപാനന്ദ സത് രൂപനായി നിലകൊള്ളാം.

15. ജ്ഞാന നിഷ്ഠയെ നൽകുന്ന ദേശികൻ ഉത്തമാചാര്യനാണ്. കീർത്തിയെ പരത്തി ലോകമെങ്ങും പ്രശസ്തനായ മനുഷ്യനല്ലായിരിയ്ക്കാം. ചിദാകാശവടിവായി വളന്നവനും അപ്രകാരം മററുള്ളവരെ വളർത്തുന്നവനുമാകയാൽ ശ്രേഷ്ഠനായ മഹാത്മാവാണ്. എന്നും എന്നും ചത്തും ജീവിച്ചും നിലകൊള്ളുന്നവനല്ലവൻ.

ആർ. ശ്രീധരൻനായർ.

ജയ ജയ പരമാത്മൻ
ശാശ്വതാനന്ദസിന്ധോ
ജയ ജയ ഗുരുനാഥാ
പാഹി പാഹിസ്വരൂപാ.

ആർ. ശ്രീധരൻനായർ.

സിന്ധു—കായംകുളം.